പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *718 16/07/2012 ൽ മറുപടിയ്ക്ക്

## സർവ്വേ രേഖകൾ ഡിജിറ്റൈസ് ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ.പി.എ. മാധവൻ: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർവ്വേ സംബന്ധിച്ചുള്ള എല്ലാ മാപ്പുകളും അനുബന്ധ രേഖകളും ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സർവ്വെ സംബന്ധിച്ചിട്ടുള്ള എല്ലാ മാപ്പുകളും അനുബന്ധ രേഖകളും ഡിജിറ്റൈസ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനം രൂപീകരിക്കുന്നതിന് മുൻപും പിൻപുമുള്ള എല്ലാ രേഖകളും ഇതിൽ ഉൾപ്പെടുത്തുമോ; | (ബി) സർവ്വെ വകുപ്പിൽ നിലവിലുള്ള ഭൂരേഖകളെല്ലാം ഇതിൽ ഉൾപ്പെടുത്തുന്നതാണ്. |
| (സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) സെൻട്രൽ സർവ്വേ ഓഫീസിലുള്ള Cadastral മാപ്പുകൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമായി NLRMP പദ്ധതിയിൽ നിന്നും ഈ സാമ്പത്തിക വർഷം സർവ്വെ ഡയറക്ടർക്ക് 63.9725 ലക്ഷം രൂപ അനുവദിക്കാൻ 31/05/2012 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം തീരുമാനിച്ചിട്ടുണ്ട്. കൂടാതെ NLRMP പദ്ധതിയിൽപ്പെടുത്തി 16 കോടി രൂപയുടെ കേന്ദ്ര സഹായത്തിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ